## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -2022 2023

## പബ്ലിക് ഹിയറിംഗ്  റിപ്പോർട്ട്

## പൂമംഗലം പഞ്ചായത്ത്

## ഓഡിറ്റ് കാലയളവ് :01/10/2022-31/03/2023

## തിയ്യതി 16/08/2023


**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
**(തദ്ദേശ സ്വയംഭരണ വകുപ്പ്,കേരള സർക്കാർ)**
**2-ാം നില,(സി.ഡബ്ല്യൂ.സി.ബിൽഡിംഗ്,എൽ.എം.എസ്.കോംമ്പൌണ്ട്,**
**പാളയം, വികാസ്ഭവൻ(പി.ഒ),തിരുവനന്തപുരം-695033**
**ഫോൺ നമ്പർ: 0471-2724696**  www.socialaudit.kerala.gov.in


## ആമുഖം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സോഷ്യൽ ഓഡിറ്റിംഗ് പ്രക്രിയയിലെ സുപ്രധാനമായ ഒരു പ്രവർത്തനമാണ് പബ്ലിക് ഹിയറിംഗ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഷെഡ്യൂൾ 1, വകുപ്പ് 25(4) സി (VII) പ്രകാരം പബ്ലിക് ഹിയറിംഗ് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിലൂടെ സമൂഹത്തിനു മുന്നിൽ എത്തുന്ന റിപ്പോർട്ട് സാമൂഹ്യ തലത്തിൽ വിലയിരുത്തി ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കുകയാണ്  ചെയ്യുന്നത് .സോഷ്യൽ ഓഡിറ്റിലൂടെ ജനങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് നിർവഹണ ഏജൻസിയുടെ ഉത്തരവാദിത്വം ഉറപ്പുവരുത്തുക എന്നതാണ് പബ്ലിക് ഹിയറിംഗിന്റെ പ്രഖ്യാപിത ലക്ഷ്യം.

## സോഷ്യൽ ഓഡിറ്റ് രീതി ശാസ്ത്രം:

താഴെ പറയുന്ന രീതി അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

- സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കൽ
- സോഷ്യൽ ഓഡിറ്റിംഗിന് മുന്നോടിയായുള്ള പ്രാരംഭ യോഗം
- രജിസ്റ്ററുകളുടെയും രേഖകളുടെയും പരിശോധന
- ഫീൽഡ് പരിശോധന
- സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യാറാക്കൽ.
- കരട് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ബന്ധപ്പെട്ട നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുമായി പങ്ക് വയ്ക്കൽ
- ഗ്രാമസഭാ യോഗത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കൽ.
- സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് അന്തിമമാക്കൽ.
- പബ്ലിക്ക് ഹിയറിംഗ്

## I പൊതു വിവരങ്ങൾ

| | |
|---|---|
| **ജില്ല** | **: തൃശ്ശൂർ** |
| **ബ്ലോക്ക്** | **: വെള്ളാങ്ങല്ലൂർ** |
| **ഗ്രാമ പഞ്ചായത്ത്** | **: പൂമംഗലം** |
| **വാർഡുകളുടെ എണ്ണം** | **: 13** |
| **സോഷ്യൽ ഓഡിറ്റ് ആരംഭിച്ച തീയതി** | **: 26/06/2023** |
| **സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയ തീയതി (എൻട്രി മീറ്റിംഗ് മുതൽ പബ്ലിക് ഹിയറിങ് വരെയുള്ള തീയതി )** | **: 29/04/2023 to16/08/2023** |
| **ഗ്രാമസഭകൾ ആരംഭിച്ച തീയതി** | **: 29/07/2023** |
| **ഗ്രാമസഭകൾ പൂർത്തിയാക്കിയ തീയതി** | **: 07/08/2023** |
| **സോഷ്യൽ ഓഡിറ്റ് കാലയളവ്** | **: 01-10-2022 to 31-03-2023** |
| | |

## II സോഷ്യൽ ഓഡിറ്റ് കാലയളവിലെ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ

| ക്രമനമ്പർ | വാർഡ് നമ്പർ | തൊഴിൽ കാർഡ് ഉള്ള കുടുംബങ്ങൾ | രജിസ്റ്റർ ചെയ്ത തൊഴിലാളികൾ | സജീവ തൊഴിലാളികൾ | ജനറൽ വിഭാഗം | പട്ടിക ജാതി വിഭാഗം | പട്ടിക വർഗ്ഗ വിഭാഗം | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 1 | 130 | 165 | 25 | 13 | 12 | | 25 |
| 2 | 2 | 189 | 192 | 32 | 9 | 23 | | 32 |
| 3 | 3 | 135 | 140 | 30 | 7 | 21 | | 30 |
| 4 | 4 | 222 | 225 | 42 | 24 | 18 | | 42 |
| 5 | 5 | 124 | 127 | 18 | 14 | 4 | | 18 |
| 6 | 6 | 97 | 110 | 19 | 14 | 5 | | 19 |
| 7 | 7 | 90 | 93 | 18 | 15 | 3 | | 18 |
| 8 | 8 | 110 | 110 | 21 | 19 | 2 | | 21 |
| 9 | 9 | 160 | 161 | 24 | 18 | 6 | | 24 |
| 10 | 10 | 178 | 208 | 46 | 24 | 22 | | 46 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | 11 | 120 | 186 | 21 | 9 | 12 | | 21 |
| 12 | 12 | 144 | 144 | 11 | 3 | 8 | | 11 |
| 13 | 13 | 160 | 161 | 24 | 18 | 6 | | 24 |
| ആകെ | | **1859** | **2022** | **331** | **187** | **142** | | **331** |

## III പദ്ധതിയുമായി ബന്ധപ്പെട്ട് സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളും ചെലവഴിച്ച തുകയും വാർഡ് അടിസ്ഥാനത്തിൽ

| വാർഡ് നമ്പർ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | ചെലവഴിച്ച തുക | | | |
|---|---|---|---|---|---|---|---|---|
| | ജനറൽ | പട്ടിക ജാതി | പട്ടി കവർഗം | ആകെ | അവിദഗ്ദ്ധ വേതനം | വിദഗ്ദ്ധ വേതനം | സാധന ഘടകം | ആകെ |
| 1 | 327 | 196 | | 523 | 162653 | 0 | 21412 | 184065 |
| 2 | 13 | 4 | | 17 | 2177 | 7500 | 121870 | 131547 |
| 3 | 54 | 561 | | 615 | 191265 | 0 | 79801 | 271066 |
| 4 | 1613 | 423 | | 2036 | 628585 | 25500 | 231314 | 885399 |
| 5 | 886 | 0 | | 886 | 271503 | 5000 | 80236 | 356739 |
| 6 | 380 | 192 | | 572 | 177892 | 0 | 11006 | 188898 |
| 7 | 172 | 22 | | 194 | 60344 | 0 | 5250 | 65594 |
| 8 | 1247 | 123 | | 1370 | 426070 | 7750 | 66457 | 500277 |
| 9 | 172 | 22 | | 194 | 141505 | 4000 | 26727 | 172232 |
| 10 | 311 | 173 | | 484 | 150524 | 7750 | 37845 | 196119 |
| 11 | 1006 | 306 | | 1312 | 408032 | 4000 | 68273 | 480305 |
| 12 | 360 | 359 | | 719 | 227359 | 3750 | 20937 | 252046 |
| 13 | 925 | 344 | | 1269 | 394679 | 0 | 10500 | 405179 |
| ആകെ | 7466 | 2725 | | 10191 | 3242588 | 65250 | 781628 | 4089466 |

## IV പഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്ത് തല എൻട്രി മീറ്റിംഗ് തീയതി :29/04/2023

എൻട്രി മീറ്റിങ്ങിലെ പങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ :

പങ്കെടുത്തവർ ആരെല്ലാം :

- പ്രസിഡണ്ട്
- സെക്രട്ടറി
- അസിസ്റ്റൻറ് സെക്രട്ടറി
- ജനപ്രതിനിധികൾ
- NREGS ഉദ്യോഗസ്ഥർ

- സോഷ്യൽ ഓഡിറ്റ്റിസോർസ് പേഴ്സൺമാർ

എത്രപേർ ?13

- ഫയൽ പരിശോധന ആരംഭിച്ച തീയതി :26/06/2023
- ഫയൽ പരിശോധന അവസാനിച്ച തീയതി :10/07/2023
- ഫയൽ പരിശോധന സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് പഞ്ചായത്തിന് കൈമാറിയ തീയതി (ഫയൽ പരിശോധന റിപ്പോർട്ട് അനുബന്ധമായി ഉള്ളടക്കം ചെയ്യുക) :20/07/2023
- ഫീൽഡ് പരിശോധന ആരംഭിച്ച തീയതി :14/07/2023
- ഫീൽഡ് പരിശോധന പൂർത്തിയാക്കിയ തീയതി :22/07/2023

## V ഫയൽ പരിശോധനയിൽ കണ്ടെത്തിയ പ്രധാനപ്പെട്ട പോരായ്മകളും വീഴ്ചകളും എന്തെല്ലാം ?(വിശദമായി രേഖപ്പെടുത്തുക)

പൂമംഗലം പഞ്ചായത്തിലെ 13 വാർഡുകളിലേയും ഓഡിറ്റ് കാലയളവിലെ ഫയലുകൾ പരിശോധിച്ച ശേഷം ഫയൽ ഓഡിറ്റ് നോട്ട് കൊടുക്കുകയും പരിഹരിക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു. പരിഹരിക്കാൻ സാധിക്കാത്ത പ്രശനങ്ങൾ താഴെ പറയുന്നവയാണ്

- IF /829569 മസ്റ്റർ റോൾ നമ്പർ 4455
- IF / 867176 മസ്റ്റർ റോൾ നമ്പർ 8059 ,8597
- IF / 854879 മസ്റ്റർ റോൾ നമ്പർ 6881
- IF/ 838416 മസ്റ്റർ റോൾ നമ്പർ 6187,
- IF / 834173 മസ്റ്റർ റോൾ നമ്പർ7471

എന്നിവയിൽ അറ്റൻഡൻസ് ഇട്ട ശേഷം ആയത് അബ്സെന്റ ആയി രേഖപ്പെടുത്തിയതായി കണ്ടു . തൊഴിലാളികൾ അറ്റെൻഡൻസ് രേഖപെടുത്തിയതിൽ വന്ന പിഴവ് മൂലമായിരുന്നു അത്

## VI ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയ പരാതി നിർവഹണം സംബന്ധിച്ച പ്രധാനപ്പെട്ട പോരായ്മകളും വീഴ്ചകളും എന്തെല്ലാം ?(വിശദമായി രേഖപ്പെടുത്തുക)

- മണ്ണ് സംരക്ഷണ പ്രവൃത്തികൾ ,ഭൂവികസന പ്രവൃത്തികൾ എന്നിവയിലൂടെ പരിസ്ഥിതി സംരക്ഷണത്തിനും ഭൂഗർഭജലം വർദ്ധിക്കുന്നതിനും സഹായകരമായി
- കോഴിക്കൂട്, ആട്ടിൻ കൂട്,തൊഴുത്ത് ,അസോള,തീറ്റപ്പുൽ കൃഷി എന്നിവയിലൂടെ വ്യക്തിഗത ആസ്തിവികസനത്തിനും ചെറിയ രീതിയിൽ സാമ്പത്തിക നേട്ടത്തിനും സാധിച്ചിട്ടുണ്ട്
- ഫീൽഡ് സന്ദർശന വേളയിൽ വാർഡ് 2 ലെ 15 സോക്ക്പിറ്റുകളുടെ പണി നടന്നതായി കാണാൻ സാധിച്ചില്ല എന്നാൽ ആ വാർഡിലെ

ഗ്രാമസഭക്കു മുൻപായി തന്നെ എല്ലാ സോക്ക്പിറ്റുകളുടെയും പണി പൂർത്തീകരിച്ചു

- വാർഡ് 3 ലെ ആട്ടിൻ കൂട് നിർമ്മാണം കാർത്യായനി :-കൂട് ഉണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു മൂലം ആടിനെ വിറ്റതായി അറിയാൻ സാധിച്ചു .
- വാർഡ് 5 ലെ കോഴിക്കൂട് നിർമാണം സുഭാഷിണി :പ്രവർത്തി ചെയ്തിട്ടില്ല പക്ഷെ CIB കാണാൻ സാധിച്ചു .പ്രവർത്തി 2023 -24 വർഷത്തേക്ക് സ്പിൽ ഓവർ ആക്കിയെന്നാണ് പഞ്ചായത്തുകാർ അറിയിച്ചത്
- വാർഡ് 8 ലെ കോഴിക്കൂട് നിർമാണം :സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതിനാൽ പ്രവർത്തി ചെയ്തിട്ടില്ല .പ്രവർത്തി 2023 -24 വർഷത്തേക്ക് സ്പിൽ ഓവർ ആക്കിയെന്നാണ് പഞ്ചായത്തുകാർ അറിയിച്ചത്
- വാർഡ് 9 ലെ ആട്ടിൻ കൂട് നിർമ്മാണം ബിനു രാജേഷ് :- ആടിനെ വളർത്തുന്നതായി കാണാൻ സാധിച്ചില്ല .ഉണ്ടായിരുന്ന ആട് ചത്തുപോയതാണെന്നും പൈസ കിട്ടുമ്പോൾ വാങ്ങും എന്നും അറിയിച്ചു
- ചില വർക്കുകൾക്കു CIB ബോർഡ് കാണാൻ സാധിച്ചില്ല എങ്കിലും ഗ്രാമസഭകൾക്കു മുൻപായി അവയെല്ലാം വച്ചു .

## VII തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെയും വീടുകൾ സന്ദർശിച്ച് പദ്ധതി നിർവഹണം സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ

- ഗുണഭോക്താക്കളെ നേരിൽ കണ്ട് സംസാരിച്ചു
- അവർക്ക് ലഭ്യമായ വ്യക്തിഗത ആസ്തികളിൽ സംതൃപതരാണെന്നും അറിയാൻ സാധിച്ചു.

| ക്രമനമ്പർ | വാർഡ് നമ്പർ | സന്ദർശിച്ച വീടുകളുടെ എണ്ണം | തൊഴിൽ കാർഡ് പരിശോധിച്ചതിന്റെ വിവരങ്ങൾ (എണ്ണം) | ഗുണഭോക്താക്കളെ സന്ദർശിച്ച വിവരങ്ങൾ (എണ്ണം) | ആകെ |
|---|---|---|---|---|---|
| 1 | 1 | 25 | 25 | 3 | 28 |
| 2 | 2 | 32 | 32 | 22 | 54 |
| 3 | 3 | 33 | 33 | 10 | 43 |
| 4 | 4 | 30 | 30 | 14 | 44 |
| 5 | 5 | 22 | 22 | 1 | 23 |
| 6 | 6 | 50 | 50 | 22 | 72 |
| 7 | 7 | 18 | 18 | 3 | 21 |
| 8 | 8 | 65 | 65 | 27 | 92 |
| 9 | 9 | 21 | 21 | 8 | 29 |
| 10 | 10 | 35 | 35 | 10 | 45 |
| 11 | 11 | 24 | 24 | 12 | 36 |
| 12 | 12 | 48 | 48 | 13 | 51 |

| | | | | | |
|---|---|---|---|---|---|
| 13 | 13 | 24 | 24 | 2 | 26 |
| ആകെ | | 427 | 427 | 147 | 564 |

**VIII ഗുണഭോക്താക്കളെയും തൊഴിലാളികളെയും നേരിൽകണ്ട് വിവരങ്ങൾ ശേഖരിച്ചതിൽ ബോധ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുക**

- പഞ്ചായത്തിലെ 13 വാർഡിലെയും ഗുണഭോക്താക്കളെയും തൊഴിലാളികളെയും കാണുകയും തൊഴിൽ കാർഡ് പരിശോധിക്കുകയും ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ചു സൂക്ഷിക്കുന്നുണ്ടെന്നും ബോധ്യപെടുകയും ചെയ്തു
- 13 വാർഡിലെയും തൊഴിലാളികളെയും ഗുണഭോക്താക്കളെയും നേരിട്ട് കണ്ട് ഗ്രാമസഭയിലേക്ക് ക്ഷണിക്കുകയും ചെയ്തു.
- തൊഴിലാളികളുടെ തൊഴിൽ കാർഡുകൾ പരിശോധിച്ചപ്പോൾഹാജർ വിവരങ്ങൾ ,തൊഴിലാളികളുടെ ഫോട്ടോ ,ഒപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് മനസിലാക്കാൻ സാധിച്ചു .

**IX സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളെ സംബന്ധിച്ച വിവരങ്ങൾ**

| ക്രമനമ്പർ | വാർഡ് നമ്പർ | ഗ്രാമസഭ ചേർന്ന തീയതി | വേദി | പങ്കാളിത്തം | | |
|---|---|---|---|---|---|---|
| | | | | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
| 1 | 1 | 29/07/2023 | കുമാരി ഭവനം | 21 | 1 | 22 |
| 2 | 2 | 07/08/2023 | അംഗൻവാടി | 29 | 3 | 32 |
| 3 | 3 | 31/07/2023 | SN നഗർ ഹാൾ | 30 | | 30 |
| 4 | 4 | 29/07/2023 | എടക്കുളം നഴ്സറി | 19 | 1 | 20 |
| 5 | 5 | 02/08/2023 | ജോസ് നങ്ങിണി ഭവനം | 8 | 0 | 8 |
| 6 | 6 | 29/07/2023 | അംഗൻവാടി | 18 | 3 | 21 |
| 7 | 7 | 31/07/2023 | വടക്കുംകര സ്കൂൾ ഹാൾ | 9 | 3 | 12 |
| 8 | 8 | 31/07/2023 | അംഗൻവാടി | 25 | 2 | 27 |
| 9 | 9 | 31/07/2023 | വടക്കുംകര സ്കൂൾ ഹാൾ | 10 | 3 | 13 |
| 10 | 10 | 29/07/2023 | ജോസ് നങ്ങിണി ഭവനം | 26 | 3 | 29 |
| 11 | 11 | 31/07/2023 | കുമാരി ഭവനം | 20 | 0 | 20 |
| 12 | 12 | 07/08/2023 | അംഗൻവാടി | 15 | 4 | 19 |
| 13 | 13 | 29/07/2023 | അംഗൻവാടി | 19 | 2 | 21 |
| ആകെ | | | | 249 | 21 | 274 |

**X ഗ്രാമസഭ പങ്കാളിത്തം സംബന്ധിച്ച അവലോകന റിപ്പോർട്ട് (തൊഴിലുറപ്പ് തൊഴിലാളികൾക്ക് പുറമെയുള്ള പങ്കാളിത്തം, പദ്ധതി വിലയിരുത്തൽ സംബന്ധിച്ച ചർച്ചകൾ, തീരുമാനങ്ങൾ ,നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട്)**

ഗ്രാസഭയിൽ തൊഴിലാളികളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നെകിലും തൊഴിലിറുപ്പ് തൊഴിലാളികൾക്ക് പുറമെയുള്ള പങ്കാളിത്തം വളരെ കുറവായിരുന്നു

**XI കഴിഞ്ഞ ഗ്രാമസഭയിൽ പദ്ധതി നിർവഹണത്തിൽ ചൂണ്ടിക്കാണിച്ചതും പരിഹാരം കണ്ടെത്തിയതുമായ കാര്യങ്ങൾ പരിഹരിക്കുകയും ഇത്തരം കാര്യങ്ങളിൽ ആവശ്യമായ പരിഹാരനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടോ എന്നും കഴിഞ്ഞ സോഷ്യൽ ഓഡിറ്റ് ചൂണ്ടി കാണിച്ച പ്രശ്ണങ്ങൾ പരിഹരിച്ച് ഇഷ്യൂസ് ക്ലോസ് ചെയ്തിട്ടുണ്ടോയെന്ന വിലയിരുത്തൽ റിപ്പോർട്ട്**

- കഴിഞ്ഞ ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട ഒരു പ്രധാന പ്രശനം ആയിരുന്നു ബൂട്ട് ഇല്ല എന്നുള്ളത് പഞ്ചായത്ത് ഓരോ വാർഡിനും 5 ബൂട്ട് വീതം നൽകി പരിഹരിച്ചിട്ടുണ്ട്

**XII കഴിഞ്ഞ പബ്ലിക് ഹിയറിങ്ങിൽ പദ്ധതി നിർവഹണം സംബന്ധിച്ച് ജനങ്ങൾ ചൂണ്ടിക്കാണിച്ച പ്രശ്ണങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ റിപ്പോർട്ട്**

- പൂമംഗലം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് കലണ്ടർ പ്രകാരം അറിയിപ്പ് നൽകുകയും എൻട്രി മീറ്റിംഗിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും, തുടർന്ന് പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ ഗ്രാമസഭ തിയതി നിശ്ചയിക്കുകയും, സോഷ്യൽ ഓഡിറ്റ് ടീം നിർവഹണ ഏജൻസിയുടെ സഹായത്തോടെ ഗ്രാമസഭ സംഘാടനം, നടത്തിപ്പ്, ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ എന്നിവ നടത്തുകയും ചെയ്തു .
- വാർഡ് തല മെമ്പർമാരുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം കൃത്യമായി തന്നെ ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്.
- ഗ്രാമസഭ സംഘടിപ്പിക്കുന്നതിൽ പഞ്ചായത്തിലെ ജനപ്രതിനിധികളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണസഹകരണം ഉണ്ടായിരുന്നു.എന്നിരുന്നാലും വാർഡിലെ മുഴുവൻ ജനങ്ങളും അതുപോലെ കർഷക സംഘടനകൾ, ,കുടുംബശ്രീ ,യുവജന സംഘടനകൾ,സന്നദ്ധപ്രവർത്തകർ എന്നിവരെ കൂടി ഉൾക്കൊള്ളിക്കാൻ നിർവഹണ ഏജൻസി ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

**XII പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നടപ്പാക്കിയ പ്രവർത്തികളെ സംബന്ധിച്ച വിവരങ്ങൾ (എണ്ണം)**

| ക്രമനമ്പർ | വാർഡ് നമ്പർ | മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ | പൊതു ആസ്തി വികസന പ്രവൃത്തികൾ | വ്യക്തിഗത ആസ്തി വികസന പ്രവൃത്തികൾ | ആകെ പ്രവൃത്തികൾ |
|---|---|---|---|---|---|
| 1 | 1 | 2 | 0 | 1 | 3 |
| 2 | 2 | 0 | 1 | 21 | 22 |
| 3 | 3 | 5 | 0 | 3 | 8 |
| 4 | 4 | 10 | 0 | 13 | 23 |
| 5 | 5 | 7 | 2 | 1 | 10 |
| 6 | 6 | 4 | 0 | 2 | 6 |
| 7 | 7 | 0 | 2 | 3 | 5 |
| 8 | 8 | 6 | 0 | 6 | 12 |
| 9 | 9 | 3 | 1 | 3 | 7 |
| 10 | 10 | 2 | 1 | 9 | 12 |
| 11 | 11 | 10 | 1 | 4 | 15 |
| 12 | 12 | 4 | 0 | 2 | 6 |
| 13 | 13 | 0 | 7 | 2 | 9 |
| ആകെ | | 53 | 15 | 70 | 138 |

## XIII പദ്ധതിയിൽ നടപ്പാക്കിയ പ്രവൃത്തികൾ സോഷ്യൽ ഓഡിറ്റ് നടത്തിയപ്പോൾ കണ്ടെത്തിയ പ്രധാനപ്പെട്ട പ്രശ്നങ്ങളും, പോരായ്മകളും, വീഴ്ചകളും സംബന്ധിച്ച വിവരങ്ങൾ MIS-ന്റെ അടിസ്ഥാനത്തിൽ

## XIV അംഗീകരിച്ച ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്തതും നടപ്പാക്കിയതുമായ പ്രവർത്തികൾ സംബന്ധിച്ച വിവരങ്ങൾ

- ആക്ഷൻ പ്ലാനിൽ ഉൾപെടാത്ത പ്രവർത്തികൾ നടപ്പാക്കിയിട്ടില്ല.

## XV പഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തിയ റിസോഴ്സ് പേഴ്സൺ മാരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | എംപ്ലോയ് കോഡ് | പേര് | പദവി | മൊബൈൽ നമ്പർ | ഇ-മെയിൽ വിലാസം |
|---|---|---|---|---|---|
| 1 | KL-VRP-773 | GAYATHRI K P | VRP | 9995692720 | gayathrikprasad93@gmail.com |
| 2 | KL-VRP-918 | KRISHNAPRIYA C. | VRP | 7592867459 | Krishnapriyacv50@gmail.com |

| | | | | | |
|---|---|---|---|---|---|
| 3 | KL-VRP-898 | INDUMOL P.S | VRP | 7012317308 | mylanchiindu@<br><br>gmail.com |
| 4 | KL-VRP-1023 | ANJALI R | VRP | 9645838750 | anjalisikhish@gmail.com |
| 5 | KL-VRP-910 | ANJU V V | VRP | 7591901014 | anjuvv058@gmail.com |

**XVI ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നിലനിൽക്കുന്നതും സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയതുമായ പ്രധാനപ്പെട്ട പോരായ്മകളും ദൗർബല്യങ്ങളും എന്തെല്ലാം?**

- തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉണ്ടാകേണ്ടതുണ്ട്.
- പദ്ധതിയുടെ ആസൂത്രണം മുതൽ ജനകീയ പരിശോധനകൾ വരെ പൊതുജന പങ്കാളിത്തം ഉറപ്പാക്കണം.

**XVII ഇത്തരം പോരായ്മകളും ന്യൂനതകളും പരിഹരിച്ചുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും എന്തെല്ലാം?**

- ഗ്രാമസഭ, പബ്ലിക് ഹിയറിങ് എന്നീ പരിപാടികളിൽ ജനപങ്കാളിത്തം വർദ്ധിപ്പിച്ച് തൊഴിലുറപ്പ് പദ്ധതികൾ ജനങ്ങൾ നേരിട്ട് ഓഡിറ്റ് ചെയ്യാനുള്ള അവസരം ഉണ്ടാക്കുക
- ഉദ്യോഗസ്ഥർ, വാർഡ് മെമ്പർമാർ, കർഷകർ, വിവിധ സംഘടനകൾ അംഗങ്ങൾ എന്നിവർക്ക് തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത ലക്ഷ്യം മനസിലാക്കി കൊടുക്കുക.
- ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും അനുസരിച്ചുള്ള വ്യത്യസ്തങ്ങളായ പ്രവർത്തികൾ ഏറ്റെടുക്കാൻ ശ്രമിക്കേണ്ടതാണ്

**XVIII പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച പൊതുവായ വിലയിരുത്തൽ**

**I കഴിഞ്ഞ കാല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച വിലയിരുത്തൽ**

- ഫലവൃക്ഷ തൈകൾ വേണ്ടവിധം പരിപാലിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് നൽകി.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് യഥാസമയം സ്ഥാപിക്കാൻ നിർദ്ദേശം നൽകി

**II തൊഴിൽ കാർഡുമായി ബന്ധപ്പെട്ട് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കൽ സംബന്ധിച്ച വിലയിരുത്തൽ**

- തൊഴിലാളികളുടെ തൊഴിൽ കാർഡ് പരിശോധിച്ചപ്പോൾ തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കുകയും ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുകയും തൊഴിൽ കാർഡ് തൊഴിലാളികൾ തന്നെയാണ് സൂക്ഷിക്കുന്നത് എന്നും ബോധ്യപെട്ടു

**III തൊഴിൽ ആവശ്യപ്പെടുന്നതിനും യഥാസമയം തൊഴിൽ ലഭ്യമാക്കുന്നതിലും നിലനിൽക്കുന്ന അവസ്ഥയെ സംബന്ധിച്ച വിലയിരുത്തൽ**

- തൊഴിൽആവശ്യപ്പെടുന്നതൊഴിലാളികൾക്ക്കൃത്യസമയത്ത്തൊഴിൽലഭിക്കുന്നതായിഅറിയാൻസാധിച്ചു.
- കൃത്യമായിആക്ഷൻപ്ലാൻതയ്യാറാക്കുന്നതുംമൂലംതൊഴിലാളികൾക്കെല്ലാം തൊഴിൽലഭിക്കുന്നുണ്ട്

**IV ഏറ്റെടുക്കുന്ന പ്രവർത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടവയാണോ എന്നും ഇത്തരം പ്രവർത്തികൾ ജനങ്ങൾക്കും സമൂഹത്തിനും എത്രമാത്രം പ്രയോജനകരമാണോ എന്ന വിലയിരുത്തൽ**

- ഏറ്റെടുക്കുന്നപ്രവർത്തികൾ ആക്ഷൻപ്ലാനിൽ ഉൾപ്പെട്ടവയും പ്രവർത്തികൾ ഗ്രാമീണജനങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും ഗ്രാമീണമേഖലയിൽ സുസ്ഥിരവികസനത്തിന് ഏറെ സാധ്യതയുള്ള പ്രവർത്തികൾ ആയിരുന്നു നടപ്പിലാക്കിയിരുന്നത്.
- ജനങ്ങൾക്കും സമൂഹത്തിനും വളരെ പ്രയോജനകരവും സാമൂഹിക പ്രസക്തിയുള്ള പ്രവർത്തികൾ ആയിരുന്നു.

**V തൊഴിൽ ദിനം ആചരിക്കുന്നുണ്ടോ**

- ചില വാർഡുകളിൽ തൊഴിൽ ദിനാചരണം തുടങ്ങിയിട്ടില്ല.
- എന്നാൽ തുടങ്ങിയ വാർഡുകളിൽ വളരെ നല്ല രീതിയിൽ വിപുലമായി തന്നെ തൊഴിൽ ദിനം ആചരിക്കുന്നുണ്ട്

**VI നിയമപരമായി തയ്യാറാക്കി സൂക്ഷിക്കേണ്ട രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ എന്ന വിലയിരുത്തൽ**

- പഞ്ചായത്തിൽ നിയമപരമായി തയ്യാറാക്കി സൂക്ഷിക്കേണ്ട രേഖകൾ ആയ ഗ്രാമസഭ രജിസ്റ്റർ, വർക്ക് അലോട്ട്മെന്റ് റജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ, ഫിക്സഡ് അസറ്റ് രജിസ്റ്റർ, പരാതി റജിസ്റ്റർ, ജോബ് കാർഡ് രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ കൃത്യമായിത്തന്നെ സൂക്ഷിക്കുന്നുണ്ട്.

**VII സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പാക്കി പദ്ധതി നടപ്പാക്കാൻ കഴിയുന്നുണ്ടോ എന്ന വിലയിരുത്തൽ**

- പഞ്ചായത്ത് പദ്ധതികൾ എല്ലാം സുതാര്യമായാണ് നടത്തുന്നത്.
- ആസൂത്രണം മുതൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. അതിന്റെ പോരായ്മ പദ്ധതിയെ ബാധിച്ചിട്ടുണ്ട്

**VIII പദ്ധതിയുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനം നിലവിലുണ്ടോ എന്ന വിലയിരുത്തൽ**

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ പത്താവകാശങ്ങളിൽ ഒന്നാണ് പരാതി നൽകുന്നതിനും അത് സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള അവകാശം, പദ്ധതിയുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നുണ്ട്

**IX തൊഴിലിടങ്ങളിലെ സുരക്ഷാസൗകര്യങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന വിലയിരുത്തൽ**

- പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും തൊഴിലിടങ്ങളിൽ സുരക്ഷാ സൗകര്യങ്ങളായ തണൽ,കുടി വെള്ളം, തുടങ്ങിയവ കൃത്യമായി തന്നെ ലഭിക്കാറുണ്ട്

**X ഗ്രാമസഭ പങ്കാളിത്തം പ്രചാരണം അറിയിപ്പ് നടത്തിപ്പ് ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പങ്കാളിത്തം എന്നിവ സംബന്ധിച്ച വിലയിരുത്തൽ**

- ഗ്രാമസഭകളിൽ ഉദ്യോഗസ്ഥരുടെയും ഭൂരിഭാഗം ജനപ്രതിനിധികളുടെ പങ്കാളിത്തം നല്ല രീതിയിൽ ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും ജനപങ്കാളിത്തം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്

## XI മേറ്റ്മാരുടെ നേതൃത്വപരമായ പങ്കാളിത്തവും ഇടപെടലുകളും സംബന്ധിച്ച വിലയിരുത്തൽ

- സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിന്റെ എല്ലാ ഘട്ടങ്ങളിലും മേറ്റുമരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഫീൽഡ് പരിശോധന സമയങ്ങളിൽ പ്രവർത്തി സ്ഥലങ്ങൾ കാണിച്ചു തരുന്നതിനും തൊഴിലാളികളുമായി നേരിട്ടു സംസാരിക്കുന്നതിനും മേറ്റുമാരുടെ സഹായം വലിയ രീതിയിൽ ലഭിച്ചിട്ടുണ്ട്.

## XII ചുമതലപ്പെട്ട എൻജിനീയറിങ് വിഭാഗം ഉദ്യോഗസ്ഥരുടെ സാങ്കേതിക പിന്തുണ സംവിധാനങ്ങൾ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും എത്രമാത്രം ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തൽ

- പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും എൻജിനീയറിങ് വിഭാഗം ഉദ്യോഗസ്ഥരുടെ സാങ്കേതിക സംവിധാനങ്ങൾ ഒരു പരിധി വരെ സഹായകരമായിട്ടുണ്ട്

## XIII പബ്ലിക് ഹിയറിങ്ങ്

- പൂമംഗലം ഗ്രാമപഞ്ചായത്ത് പബ്ലിക് ഹിയറിങ്ങ് പൂമംഗലം ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് 16/08/2023 2.30 മണിക്ക് ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി സിന്ധുവിന്റെ അധ്യക്ഷതയിൽ യോഗം ആരംഭിച്ചു. പ്രസിഡന്റ് ശ്രീ കെ എസ് തമ്പി ഉദ്ഘാടന പ്രസംഗം നടത്തി തുടർന്ന് ആശംസപ്രസംഗങ്ങൾക്കു ശേഷം 2022 ഒക്ടോബർ 1 മുതൽ 2023 മാർച്ച് 31 വരെ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവർത്തികളുടെ ഫയൽ വെരിഫിക്കേഷനിലും ഫീൽഡ് വെരിഫിക്കേഷനിലും തൊഴിലാളികളുമായി സംസാരിച്ചതിന്റെയും ഗ്രാമസഭ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ടിന്റു രാജൻ അവതരിപ്പിച്ചു

## XIV.പബ്ലിക് ഹിയറിങ് ചർച്ച

## തൊഴിലാളികളുടെ ആവശ്യങ്ങൾ

- ആട്ടിൻ കൂടു കോഴിക്കൂട് എന്ന പ്രവർത്തിയിൽ ആടും കോഴിയും ചത്തുപോയാൽ എന്താണ് ചെയ്യുക
- വാർഡ് 2 ഇൽ മാത്രം കൂടുതൽ വർക്കുകൾ നടന്നത് എന്തുകൊണ്ട് .മാറ്റു വാർഡുകളിൽ ഇത്തരം പ്രവർത്തികൾ ചെയ്യാൻ സാധിക്കില്ലേ

## മറുപടി (ജോയിന്റ് ബി ഡി ഒ )

- ആട് കോഴി എന്നിവ ചത്ത് പോയാൽ അതിന്റെ ഉത്തരവാദിത്വം പഞ്ചായത്തിന് അല്ല എന്നും മെറ്റീരിയൽ ഫണ്ട് യഥാസമയം കിട്ടാത്തതാണ് വ്യക്തിഗത പ്രവർത്തികൾ ഏറ്റെടുക്കാൻ ജനങ്ങൾ

തയ്യാറാകാത്തത് .അത്തരം പ്രവർത്തികളാണ് രണ്ടാം വാർഡിൽ കൂടുതലായി കണ്ടത് എന്നും JBDO അറിയിച്ചു.

- ആട് കോഴി എന്നിവ ചത്ത് പോയാൽ പകരം വേറെ വാങ്ങി വളർത്തണമെന്നും വ്യക്തിഗത ആസ്തി പ്രവർത്തികൾ കൊടുക്കുന്നത് വ്യക്തികൾക്ക് ഏറെ കാലത്തേക്ക് ആസ്തി ഉണ്ടാകുന്നതിനും വേണ്ടി ആണെന്നും അതിലൂടെ അവർക്കു വരുമാനം ഉണ്ടാക്കാൻ വേണ്ടിയാണെന്നും ഇത്തരം പ്രവർത്തികൾ അർഹിക്കുന്നവർക്ക് മാത്രം കൊടുക്കാൻ ശ്രദ്ധിക്കണമെന്നും ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൺ ശ്രീ കെ ഗിരീഷ് കൂട്ടി ചേർത്തു

## സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ പങ്കാളികൾ ആയവർ

- പഞ്ചായത്ത് പ്രസിഡന്റ്,
- സെക്രട്ടറി
- പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ
- തൊഴിലാളികൾ
- കുടുംബശ്രീ പ്രവർത്തകർ
- മേറ്റ്മാർ
- തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ

**റിപ്പോർട്ട് തയ്യാറാക്കിയത്**

**ബ്ലോക്ക് റിസോഴ്സ് പേഴ്സൺ : ടിൻറു രാജൻ**